പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5125 | 23.03.2018 ന് മറുപടിയ്ക്ക്.

# ഇന്ത്യാ സ്കില്‍സ് കേരള -2018

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരന്‍<br>,, ആര്‍. രാമചന്ദ്രന്‍<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.കെ. രാജന്‍ : | ശ്രീ. ടി.പി. രാമകൃഷ്ണന്‍.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴില്‍ രംഗത്ത് പുത്തനുണര്‍വ് പകരുന്നതിനും യുവപ്രതിഭകളുടെ തൊഴില്‍ വൈദഗ്ധ്യം അളക്കുന്നതിനുമായി ഇന്ത്യാ സ്കില്‍സ് കേരള-2018 എന്ന പേരില്‍ ഒരു മത്സരം സംഘടിപ്പിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത മത്സരം നടത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ; | (ബി) നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലും വിദ്യാര്‍ത്ഥികളിലും എത്തിക്കുക, തൊഴില്‍ നൈപുണ്യമുള്ള പ്രതിഭകള്‍ക്ക് അവരുടെ നൈപുണ്യ ശേഷി പ്രദര്‍ശിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക, വേള്‍ഡ് സ്കില്‍സ് 2019 പോലുള്ള ആഗോളതലത്തിലുള്ള മല്‍സര പരിചയത്തിലൂടെ നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ഇന്ത്യാ സ്കില്‍ കേരള 2018 –ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍. |
| (സി) ഏതൊക്കെ മേഖലകളിലാണ് തൊഴില്‍ വൈദഗ്ധ്യം അളക്കുന്ന മത്സരങ്ങള്‍ നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (സി) കാര്‍പെന്ററി, പെയിന്റിംഗ് & ഡെക്കറേറ്റിംഗ്, പ്ലംബിംഗ് & ഹീറ്റിംഗ്, റെഫ്രിജറേഷന്‍ & എയര്‍ കണ്ടീഷനിംഗ്, വെല്‍ഡിംഗ്, വോള്‍ & ഫ്ലോര്‍ ടൈലിംഗ്, ഫാഷന്‍ ടെക്നോളജി, മെക്കാനിക്കല്‍ എഞ്ചിനീയറിംഗ് CAD, സി.എന്‍.സി മില്ലിംഗ്, |

| | |
|---|---|
| | സി.എൻ.സി ടർണിങ്, ബേക്കറി, റെസ്റ്റോറന്റ് സർവീസ്, ഫ്ളോറിസ്റ്ററി, ഗ്രാഫിക് ഡിസൈൻ ടെക്നോളജി, 3 ഡി ഡിജിറ്റൽ ഗെയിം ആർട്ട്. വെബ് ഡിസൈൻ & ഡെവലപ്പ്മെന്റ്, ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻ, ഇലക്ട്രോണിക്സ്, മൊബൈൽ റോബോട്ടിക്സ്, ഓട്ടോ മൊബൈൽ ടെക്നോളജി എന്നീ 20 സ്കിൽ സെക്ടറുകളിലാണ് തൊഴിൽ വൈദഗ്ധ്യം അളക്കുന്ന മത്സരങ്ങൾ നടത്തുന്നത്. |
| (ഡി) ഏതൊക്കെ ഏജൻസികളാണ് ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) വ്യാവസായിക പരിശീലന വകുപ്പ്, കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്നിവർ സംയുക്തമായാണ് ഇതു സംഘടിപ്പിക്കുന്നത്. |

Bindu

സെക്ഷൻ ഓഫീസർ